**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2691** **13-10-2021 - ൽ മറുപടിയ്ക്ക്**

**ചിറ്റാരി-കണ്ടിവാതുക്കൽ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ് 20 സ്കീമിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പണി നിർത്തിയ ചിറ്റാരി - കണ്ടിവാതുക്കൽ റോഡിന്റെ പ്രവൃത്തി പുനരാരംഭിക്കാൻ വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും ചിറ്റാരി - കണ്ടിവാതുക്കൽ റോഡിന്റെ നിർമ്മാണ കരാർ ഏറ്റെടുത്ത M/s Delcon Engineering എന്ന കരാറുകാരൻ സാമ്പത്തിക ബാധ്യത കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലായെന്ന് 23/06/2021-ന് കോഴിക്കോട് ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ വിളിച്ച് ചേർത്ത നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതികളുടെ അവലോകനയോഗത്തിൽ അറിയിച്ചതിനെ തുടർന്ന് കെ.എസ്.സി.സി കോഴിക്കോട് റീജിയണൽ മാനേജർ കെ.എസ്.സി.സി ജനറൽ മാനേജരോട് പ്രവൃത്തി റദ്ദാക്കി റീ ടെണ്ടർ ചെയ്യാൻ അഭ്യർത്ഥിച്ചിരുന്നു. 22/07/2021-ലെ കത്ത് പ്രകാരം ടി പദ്ധതി റീടെണ്ടർ ചെയ്യുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിരുന്നു. നബാർഡ് ആർ.ഐ.ഡി.എഫ് -20 സ്കീമിന്റെ കാലാവധി 30/09/2021-ന് അവസാനിച്ച സാഹചര്യത്തിൽ മുൻ കരാർ റദ്ദ് ചെയ്തിട്ടുണ്ടെങ്കിലും റീടെണ്ടർ ചെയ്യുവാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ; | (ബി) | ചിറ്റാരി കണ്ടിവാതുക്കൽ റോഡ് പ്രവൃത്തി 10/08/2016-ലെ എഗ്രിമെന്റ് പ്രകാരം 3.93 കിലോ മീറ്റർ വരുന്ന റോഡിന്റെ ഉപരിതലം തയ്യാറാക്കുന്നതും, സംരക്ഷണ ഭിത്തിയുടെയും, 2 കൾവെർട്ടുകളുടെ പ്രവൃത്തികളും, 1-ാം ലെയർ മെറ്റലിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി എപ്പോൾ പുനരാരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (സി) | കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച് പോയതിനാലും, നബാർഡ് ആർ.ഐ.ഡി.എഫ് 20 പ്രോജക്റ്റിന്റെ കാലാവധി 2021 സെപ്റ്റംബർ 30-ന് |

| | | | |
|---|---|---|---|
| | | | അവസാനിച്ചതിനാലും ബാക്കി പ്രവൃത്തികൾ നബാർഡ് ആർ.ഐ.ഡി.എഫ് 20പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുന്നതല്ല. പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ